**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1557** **11-09-2023 - ൽ മറുപടിയ്ക്ക്**

**അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീമതി ഉമ തോമസ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തതിനേക്കാൾ അധികം അതിഥി തൊഴിലാളികൾ ജോലി ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 2017 ൽ നിലവിൽ വന്ന ആവാസ് പദ്ധതി പ്രകാരം 5,16,320 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് മുഖേന നടത്തുന്ന കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൻ കീഴിൽ നിലവിൽ 1,64,761 അതിഥി തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>ഇതരസംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി നിലവിൽ കേന്ദ്ര നിയമമായ 1979-ലെ Interstate Migrant Workers (Regulation of Employment & Conditions of Services) Act നിലവിലുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം, രജിസ്ട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിലവിൽ ചെയ്യുന്നത് മേൽ നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. ടി നിയമപ്രകാരം അഞ്ചോ അതിലധികമോ ഇതരസംസ്ഥാന തൊഴിലാളികൾ ഒരു കോൺട്രാക്ടർ മുഖേന ജോലി ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കേണ്ടത് നിർബന്ധമാണ് അതുപോലെ ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികളെ റിക്രൂട്ട് ചെയ്യാനോ നിയമിക്കുവാനോ നിർദ്ദേശിക്കുന്ന ഓരോ കരാറുകാരനും ലൈസൻസും നേടേണ്ടതുണ്ട്. കോൺട്രാക്ടർ മുഖേനയല്ലാതെ ഒറ്റയ്ക്ക് എത്തുന്ന ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യാൻ ആക്റ്റിൽ വ്യവസ്ഥയില്ല. |
| (ബി) | അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷൻ കൃത്യമായി നടത്തുന്നതിന് നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ; | (ബി) | ഉണ്ട്. അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 2017 ൽ നിലവിൽ വന്ന ആവാസ് |

| | | | |
|---|---|---|---|
| | | | പദ്ധതി പ്രകാരം 5,16,320 തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. കൂടാതെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് മുഖേന നടത്തുന്ന കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയിൻ കീഴിൽ നിലവിൽ 1,64,761 അതിഥി തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>ഇതരസംസ്ഥാന തൊഴിലാളികളുടെ തൊഴിൽ നിയന്ത്രിക്കുന്നതിനും അവരുടെ സേവന വ്യവസ്ഥകൾക്കുമായി നിലവിൽ കേന്ദ്ര നിയമമായ 1979-ലെ Interstate Migrant Workers (Regulation of Employment & Conditions of Services) Act നിലവിലുണ്ട്. ഇതര സംസ്ഥാന തൊഴിലാളികളുടെ തൊഴിൽ സംരക്ഷണം, രജിസ്ട്രേഷൻ എന്നിവയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിലവിൽ ചെയ്യുന്നത് മേൽ നിയമത്തിന്റെ അടിസ്ഥാനത്തിലാണ്. ടി നിയമപ്രകാരം അഞ്ചോ അതിലധികമോ ഇതരസംസ്ഥാന തൊഴിലാളികൾ ഒരു കോൺട്രാക്ടർ മുഖേന ജോലി ചെയ്യുന്ന എല്ലാ സ്ഥാപനങ്ങളും രജിസ്ട്രേഷൻ എടുക്കേണ്ടത് നിർബന്ധമാണ് അതുപോലെ ഇതരസംസ്ഥാന കുടിയേറ്റ തൊഴിലാളികളെ റിക്രൂട്ട് ചെയ്യാനോ നിയമിക്കുവാനോ നിർദ്ദേശിക്കുന്ന ഓരോ കരാറുകാരനും ലൈസൻസും നേടേണ്ടതുണ്ട്. കോൺട്രാക്ടർ മുഖേനയല്ലാതെ ഒറ്റയ്ക്ക് എത്തുന്ന ഇതര സംസ്ഥാന തൊഴിലാളികളെ രജിസ്റ്റർ ചെയ്യാൻ ആക്റ്റിൽ വ്യവസ്ഥയില്ല. |
| (സി) | പ്രസ്തുത സംവിധാനം കാര്യക്ഷമമാണോ എന്ന് അറിയിക്കുമോ; | (സി) | കാര്യക്ഷമമാണ്. അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യപരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 2017 മുതൽ ആവാസ് പദ്ധതിയും കൂടാതെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് മുഖേന നടത്തുന്ന കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയും നിലവിലുണ്ട്. ആവാസ് പദ്ധതി പ്രകാരം 5,16,320തൊഴിലാളികളും തൊഴിലാളി ക്ഷേമപദ്ധതിയിൻ കീഴിൽ നിലവിൽ 1,64,761 അതിഥി തൊഴിലാളികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>മുൻവർഷങ്ങളിൽ നടന്ന പ്രളയം, കോവിഡ് മഹാമാരിയെയും തുടർന്ന് കേരളത്തിൽ ജോലി ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികളെക്കുറിച്ച് കൃത്യമായ കണക്കുകൾ ലഭ്യമാകാതെ വന്നപ്പോഴാണ് കേരളത്തിൽ ജോലി ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികളെ വെബ്പോർട്ടൽ മുഖേന രജിസ്ട്രേഷൻ ചെയ്യുന്നത് നിർബന്ധമാക്കിയത്. സംസ്ഥാനത്തേയ്ക്ക് ജോലി തേടി എത്തുന്ന എല്ലാ ഇതരസംസ്ഥാന തൊഴിലാളികളെയും രജിസ്റ്റർ ചെയ്യിക്കുവാനും, ടി തൊഴിലാളികൾക്ക് അർഹതപ്പെട്ട |

| | | | |
|---|---|---|---|
| | | | ക്ഷേമപദ്ധതികൾ നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള Inter State Migrant Workers (Registration and Welfare) Kerala Ordinance, സർക്കാർ പരിഗണനയിലാണ്. രജിസ്റ്റർ ചെയ്യാത്ത ഇതരസംസ്ഥാന തൊഴിലാളികൾക്കും, തൊഴിൽ ദാതാവിനും ശിക്ഷാനടപടികളും ഉൾപ്പെടുത്തിയാണ് ടി ഓർഡിനൻസ് തയ്യാറാക്കിയിട്ടുള്ളത്. ഓർഡിനൻസ് കൊണ്ട് വരുന്നതിന്റെ ഉദ്ദേശം തന്നെ ഇതരസംസ്ഥാന തൊഴിലാളികളെ നിർബന്ധമായി രജിസ്റ്റർ ചെയ്യിക്കുക എന്നുള്ളതാണ്. |
| (ഡി) | അതിഥി തൊഴിലാളികളുടെ വിവരങ്ങൾ ശേഖരിക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ? | (ഡി) | കാര്യക്ഷമമാണ്. അതിഥി തൊഴിലാളികളുടെ രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യപരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 2017 മുതൽ ആവാസ് പദ്ധതിയും കൂടാതെ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് മുഖേന നടത്തുന്ന കേരള കുടിയേറ്റ തൊഴിലാളി ക്ഷേമപദ്ധതിയും നിലവിലുണ്ട്. ആവാസ് പദ്ധതി പ്രകാരം 5,16,320തൊഴിലാളികളും തൊഴിലാളി ക്ഷേമപദ്ധതിയിൻ കീഴിൽ നിലവിൽ 1,64,761 അതിഥി തൊഴിലാളികളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.<br>മുൻവർഷങ്ങളിൽ നടന്ന പ്രളയം, കോവിഡ് മഹാമാരിയെയും തുടർന്ന് കേരളത്തിൽ ജോലി ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികളെക്കുറിച്ച് കൃത്യമായ കണക്കുകൾ ലഭ്യമാകാതെ വന്നപ്പോഴാണ് കേരളത്തിൽ ജോലി ചെയ്യുന്ന ഇതരസംസ്ഥാന തൊഴിലാളികളെ വെബ്പോർട്ടൽ മുഖേന രജിസ്ട്രേഷൻ ചെയ്യുന്നത് നിർബന്ധമാക്കിയത്. സംസ്ഥാനത്തേയ്ക്ക് ജോലി തേടി എത്തുന്ന എല്ലാ ഇതരസംസ്ഥാന തൊഴിലാളികളെയും രജിസ്റ്റർ ചെയ്യിക്കുവാനും, ടി തൊഴിലാളികൾക്ക് അർഹതപ്പെട്ട ക്ഷേമപദ്ധതികൾ നൽകുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള Inter State Migrant Workers (Registration and Welfare) Kerala Ordinance, സർക്കാർ പരിഗണനയിലാണ്. രജിസ്റ്റർ ചെയ്യാത്ത ഇതരസംസ്ഥാന തൊഴിലാളികൾക്കും, തൊഴിൽ ദാതാവിനും ശിക്ഷാനടപടികളും ഉൾപ്പെടുത്തിയാണ് ടി ഓർഡിനൻസ് തയ്യാറാക്കിയിട്ടുള്ളത്. ഓർഡിനൻസ് കൊണ്ട് വരുന്നതിന്റെ ഉദ്ദേശം തന്നെ ഇതരസംസ്ഥാന തൊഴിലാളികളെ നിർബന്ധമായി രജിസ്റ്റർ ചെയ്യിക്കുക എന്നുള്ളതാണ്. |

സെക്ഷൻ ഓഫീസർ